**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2983** **07-10-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി കുട്ടനാട്ടിൽ നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ കുട്ടനാടൻ പ്രദേശത്ത് സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിലെ കുട്ടനാടൻ പ്രദേശത്ത് സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ/പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. വനത്തിന് പുറത്തെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതിയായ ട്രീ ബാങ്കിംഗ് പദ്ധതി നിലവിൽ ഉണ്ട്. ടി പദ്ധതിയിൽ അർഹരായ അപേക്ഷകർക്ക് ചന്ദനത്തൈകൾ നട്ടുവളർത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br><br>2. കാവ് സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ, അർഹരായ ഉടമസ്ഥർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>3. ജനവാസ മേഖലയിൽ എത്ത ിപ്പെടുന്ന ഉരഗവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള സംരക്ഷിത വിഭാഗങ്ങളിൽപ്പെടുന്ന ജീവികളെ സംരക്ഷിക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് അവമൂലം ഉണ്ടാകുന്ന അത്യാഹിതങ്ങൾ ഇല്ലാതാക്കുന്നതിനുമായി വനം വകുപ്പിന്റെ പരിശീലനം സിദ്ധിച്ച സർപ്പ വോളന്റിയർമാരുടെ സഹകരണത്തോടെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ തുറന്നു വിട്ടു വരുന്നുണ്ട്. സർപ്പ എഡ്യൂക്കേറ്റേഴ്സിന്റെ സഹകരണത്തോടെ കുട്ടനാടിലെ വിവിധ സ്കൂളുകളിൽ "സർപ്പപാഠം" പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>4. പ്രകൃതി സംരക്ഷണം, വനം വന്യജീവി സംരക്ഷണം എന്നിവ സംബന്ധിച്ചുള്ള |

| | | | |
|---|---|---|---|
| | | | ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു.<br>5. സ്കൂൾ കുട്ടികളെ വന സംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവാന്മാരാക്കുന്നതിനും, പ്രകൃതിയുമായി സംവദിക്കുന്നതിനും, പ്രകൃതി സംരക്ഷണം മുറികെപ്പിടിക്കുന്ന ഭാവി പൗരന്മാരായി വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടെയും സ്കൂളുകളിൽ ഫോറസ്റ്ററി ക്ലബ്ബുകൾ രൂപീകരിച്ചു വരുന്നു. കുട്ടനാട് പ്രദേശത്ത് നിലവിൽ 21 ഫോറസ്റ്ററി ക്ലബ്ബുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | കാവുകൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി കുട്ടനാട്ടിൽ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കാവുകളുടെ സംരക്ഷണത്തിനായി ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകുന്ന പദ്ധതി സംസ്ഥാനമൊട്ടാകെ നിലവിലുണ്ട്. ആയത് കുട്ടനാട് പ്രദേശത്തിനും ബാധകമാണ്. അതിനായി എല്ലാ വർഷവും സാമൂഹിക വനവത്കരണ വിഭാഗം അപേക്ഷകൾ ക്ഷണിക്കാറുണ്ട്. ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥല പരിശോധന നടത്തി കാവുകളുടെ വിസ്തൃതി, ജൈവവൈവിദ്ധ്യം, ഭാവി വികസന സാദ്ധ്യതകൾ എന്നീ മാനദണ്ഡങ്ങൾ പ്രകാരം അനുയോജ്യമായ കാവുകളുടെ വിവരങ്ങൾ സംസ്ഥാനതല വിദഗ്ധ സമിതിക്കു സമർപ്പിക്കുന്നു. സംസ്ഥാനതല വിദഗ്ധ സമിതി അതിൽ വിശദമായ പരിശോധന നടത്തി ഒരു ജില്ലയിൽ പ്രതിവർഷം ശരാശരി 5 കാവുകൾ വീതം തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന കാവുടമകൾ സമർപ്പിക്കുന്ന സൂക്ഷ്മാസൂത്രണ രേഖ, ധാരണാപത്രം എന്നിവ പരിഗണിച്ച് ദീർഘകാലാടിസ്ഥാനത്തിൽ ഗഡുക്കളായി പരമാവധി 25,000/- രൂപ വരെ ധനസഹായം അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ